**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1118** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി 03.07.2025 -ന പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ച വരുന്നു** |
| (ബി) | ഇരുപത് ശതമാനം തുക ബജറ്റിൽ വകയിരുത്തിക്കൊണ്ട് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; ഭരണാനുമതി ലഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | **2022-23 ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി കം ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി 300 ലക്ഷം രൂപ തുക വരുന്ന ഡി.പി.ആർ ചീഫ് എഞ്ചിനീയർ, ഐ & എ സമർപ്പിച്ചിരുന്നെങ്കിലും 03/08/2022 ൽ കൂടിയ AS Committee യിൽ വി.സി.ബി നിർമ്മാണം മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുനർസമർപ്പിക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കാർഷികമേഖല പ്രധാനമായും ആശ്രയിച്ച് പോന്നിരുന്നതും 60 വർഷത്തിൽ അധികം പഴക്കമുള്ളതുമായ ടി പദ്ധതി കർഷകർക്കും അതു വഴിയുള്ള യാത്രക്കാർക്കും പ്രയോജനകരമാവണമെങ്കിൽ ബജറ്റിൽ വിഭാവനം ചെയ്ത പ്രകാരം തന്നെ പുനർനിർമ്മിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം എൽ എ സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ നിർദ്ദേശിച്ച പ്രകാരം പാലം പ്രവൃത്തി കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ വീണ്ടും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത പാലത്തിലൂടെ വലിയ വാഹനങ്ങൾ കയറുവാൻ സാധ്യതയുള്ളതിനാൽ മണ്ണ് പര്യവേഷണവും പാലത്തിന്റെ ഡിസൈനും ആവശ്യമായതുകൊണ്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയ്ക്ക് ജലസേചനവും ഭരണവും ചീഫ്** |

| | | | |
|---|---|---|---|
| | | | **എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 3.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി 03.07.2025-നു പൂർത്തീകരിക്കുകയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സൂക്ഷ്മ പരിശോധന നടത്തി ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.** |
| (സി) | പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | **ഉത്തരം (ബി) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ